GLPS
എരമംഗലം

# അക്കാദമിക് മാസ്റ്റർപ്ലാൻ

2025-26

എരമംഗലം ഗവ. എൽ. പി. സ്കൂൾ ഒരു നൂറ്റാണ്ട് മുമ്പ് ഈ ഗ്രാമത്തിന്റെ അക്ഷരവെളിച്ചമായി ഉദയം ചെയ്തു. പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായി 1927ൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് തുടങ്ങിയ വിദ്യാലയം തലമുറകൾക്ക് അറിവിന്റെ വാതായനങ്ങൾ തുറന്നുവെച്ചു.' എരമംഗലം ബോർഡ് ഹിന്ദു സ്കൂൾ ആയിരുന്നു ഈ വിദ്യാലയത്തിന്റെ പഴയ പേര്. മറ്റ് സർക്കാർ സ്കൂളുകളെ പോലെ എരമംഗലം സ്കൂളും അസൗകര്യങ്ങളുടെ ഏഴുപതിറ്റാണ്ടുകൾ വീർപ്പുമുട്ടി കഴിഞ്ഞു. പിന്നീട് ത്രിതല പഞ്ചായത്തുകളുടെ ഇടപെടലും, സാമൂഹ്യരംഗത്തുണ്ടായ ഉയിർത്തെഴുന്നേൽപ്പും നമ്മുടെ വിദ്യാലയ സാഹചര്യങ്ങളിൽ മാറ്റങ്ങൾ സൃഷ്ടിച്ചു.

പുതിയ സഹസ്രാബ്ദത്തോടെ പഴയ കെട്ടിടത്തിനു പകരം പുതിയ ആകർഷകമായ കെട്ടിടങ്ങളും കോൺഫറൻസ് ഹാളും, സ്റ്റേജും, കമ്പ്യൂട്ടർ ലാബും, പാചകപ്പുരയും, ടൈൽ പതിച്ച ക്ലാസ് മുറികളും സ്കൂളിന്റെ മുഖച്ഛായ മാറ്റിമറിച്ചു. അക്കാദമിക് രംഗത്ത് സബ്ജില്ലയിലെ വിദ്യാലയങ്ങളിൽ മുൻപന്തിയിൽ എത്താൻ നമുക്ക് കഴിഞ്ഞു. ഇനി വരും വർഷങ്ങളിലും മികവാർന്ന പ്രവർത്തനങ്ങളിലൂടെ മുന്നോട്ടുപോകാൻ നമുക്കൊരുമിച്ച് പ്രവർത്തിക്കാം.

## ആമുഖം

എസ് എസ് കെയുടെ ഭാഗമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സമഗ്ര ഗുണമേൻമാ പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി പൊതുവിദ്യാലയങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് നമ്മുടെ വിദ്യാലയം. എല്ലാ കുട്ടികളുടെയും സർവ്വതോൻമുഖമായ വികാസമാണ് നമ്മുടെ ലക്ഷ്യം. എല്ലാ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് ജി. എൽ. പി. എസ്. എരമംഗലം. രക്ഷിതാക്കളുടെയും നാട്ടുകാരുടെയും പിന്തുണയോടുകൂടി ഈ വർഷവും മികവുറ്റ ഒരു വിദ്യാലയമാക്കി തീർക്കാനുള്ള പരിശ്രമത്തിലാണ് ഈ വിദ്യാലയം. അതിനായി ഒരുക്കിയ ഈ അക്കാദമിക മാസ്റ്റർപ്ലാൻ അഭിമാനപൂർവ്വം സമർപ്പിക്കുന്നു.

പി. ടി. എ. പ്രസിഡന്റ്
അനിൽകുമാർ

ഹെഡ്മിസ്ട്രസ്
ശ്രീജ. ടി. സി

എസ്. എം. സി ചെയർമാൻ
ഷാജി. കെ.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഗവ: എൽ.പി.സ്കൂൾ, എരമംഗലം. |
| മേൽവിലാസം | : | എരമംഗലം (po)<br>ബാലുശ്ശേരി (via), കോഴിക്കോട് (DT)<br>673612 (pin) |
| ഫോൺ | : | - |
| സ്കൂൾ കോഡ് | : | 47509 |
| വിദ്യാഭ്യാസ ഉപജില്ല | : | ബാലുശ്ശേരി |
| വിദ്യാഭ്യാസ ജില്ല | : | താമരശ്ശേരി |
| റവന്യൂ ജില്ല | : | കോഴിക്കോട് |
| ബി. ആർ. സി | : | ബാലുശ്ശേരി |
| സി. ആർ. സി | : | കോക്കല്ലൂർ. |
| ഗ്രാമപഞ്ചായത്ത് | : | ബാലുശ്ശേരി |
| ബ്ലോക്ക് പഞ്ചായത്ത് | : | ബാലുശ്ശേരി |
| ജില്ലാ പഞ്ചായത്ത് | : | കോഴിക്കോട് |
| നിയമസഭാമണ്ഡലം | : | ബാലുശ്ശേരി |
| ലോക്സഭാമണ്ഡലം | : | കോഴിക്കോട് |
| താലൂക്ക് | : | കൊയിലാണ്ടി |
| വില്ലേജ് | : | ബാലുശ്ശേരി |
| ഇ-മെയിൽ വിലാസം | : | eramangalamglps@gmail.com |
| facebook | : | - |

## 2025-26 അധ്യയനവർഷത്തെ ആകെ കുട്ടികൾ

| | ക്ലാസ് | | | | |
|---|---|---|---|---|---|
| | പ്രീ പ്രൈമറി | 1 A+B | 2 | 3 | 4 |
| Boys | | 21 | 18 | 18 | 13 |
| girls | | 16 | 15 | 27 | 26 |
| Total | | 37 | 33 | 45 | 39 |

## 2025 - 26 അധ്യയന വർഷത്തെ കുട്ടികൾ (വിഭാഗം)

| വിഭാഗം | | | ക്ലാസ് | | | |
|---|---|---|---|---|---|---|
| | | പ്രീ-പ്രൈമറി | 1 | 2 | 3 | 4 |
| H OBC | B | | 6 | 5 | 7 | 3 |
| | G | | – | 3 | 7 | 9 |
| M OBC | B | | 6 | 7 | 6 | 3 |
| | G | | 3 | 5 | 8 | 7 |
| FC | B | | 4 | 2 | 2 | 2 |
| | G | | 6 | 4 | 8 | 6 |
| OEC | B | | – | 1 | – | – |
| | G | | 2 | 2 | 1 | – |
| SC | B | | 5 | 3 | 3 | 5 |
| | G | | 5 | 1 | 3 | 4 |

# പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ

| | ക്ലാസ് | | | | |
|---|---|---|---|---|---|
| | പ്രീ-പ്രൈമറി | 1 | 2 | 3 | 4 |
| | | | | | |
| | | | | | |

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ നേടി എന്ന് ഉറപ്പുവരുത്തുക.

- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

- കുട്ടികളിൽ വായനാശീലം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.

- ഓരോ കുട്ടിയേയും ഒരു യൂണിറ്റായി പരിഗണിച്ച്കൊണ്ടുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.

- ഓരോ കുട്ടിയിലും അന്തർലീനമായിരിക്കുന്ന കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

- ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്. ആർ. ജി യുടെ നേതൃത്വത്തിൽ ലഭ്യമാക്കുക.

- ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

- ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് തുടങ്ങിയവ കൃത്യമായി നടപ്പിലാക്കും.

- ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാ-

പങ്ങളെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട
നാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

# മലയാളം

പ്രവർത്തനം -1

പേര് :- പുസ്തകപരിചയം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം. |
|---|---|---|---|---|
| • കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | • പുസ്തകങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം. (രണ്ട് പുസ്തകം) | ലൈബ്രറി കമ്മിറ്റി | |
| | | | | |
| • കുട്ടികളിൽ വായനാശീലം വളർത്തൽ | • Reading corner സജ്ജീകരിക്കുക.<br>• കഥാപുസ്തകങ്ങൾ ലഭ്യമാക്കുക.<br>• Reading cards. | June to March. | | |
| • അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികളെ കഴിവുള്ളവരാക്കുന്നു | • അസംബ്ലിയിൽ വായന<br>• പത്രവായന<br>• വാർത്ത വായന. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| • ആശയ - ഗ്രഹണ വായന | • വായനാസാമഗ്രികളിൽ നിന്നും ചോദ്യനിർമ്മാണം. | June to March | Class Teacher |

പ്രവർത്തനം - 2

പേര് : ക്ലാസ് ലൈബ്രറി

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സ... |
| --- | --- | --- | --- | --- |
| • മികച്ച വായനാശീലം വളർത്തുക. | • എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി സജ്ജമാക്കുന്നു. • പിറന്നാൾ സമ്മാനമായി പുസ്തകം ലഭ്യമാക്കുന്നു. | June | Class Teacher. | |

6. ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം.. |
|---|---|---|---|---|
| • അക്ഷരത്തെറ്റില്ലാതെ എഴുതാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | • വളരുന്ന വാക്കുകൾ<br>• പദസൂര്യൻ<br>• പദനിർമ്മാണം<br>• ഡയറി എഴുത്ത്. | June to March. | | |

പേര് : സർഗവേള

ഉപമേഖല ; പ്രകടന വേദികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | • വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ. (ചെറിയ ക്ലാസിൽ വായനാകാർഡ്). വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | മാർച്ച് മുതൽ ജൂൺ വരെ. | ക്ലാസ് ടീച്ചർ. | |

മേഖല - അക്കാദമികം

ഗണിതം    ഉപമേഖല - ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുക. | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ. (മഞ്ചാടി, കളിനോട്ട്, കാർഡുകൾ മുതലായവ). | ജൂൺ- | Class Teac |
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി, ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ സെപ്തംബർ വരെ | |
| വിവിധ സ്കോളർഷിപ്പ് വിജ്ഞാന പരീക്ഷയിൽ മികച്ച വിജയം സാധ്യമാക്കും വിധം ഗണിത പഠനത്തിൽ പുരോഗതി ഉറപ്പുവരുത്തുക | മാസംതോറും ഗണിതക്വിസ് നടത്തുന്നു. | മാർച്ച് മുതൽ ജൂൺ വരെ. | |

ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഗണിത ചിന്താശേഷി വളർത്തൽ | കുസൃതി കണക്കുകളും, ഗണിതപസിലുകളും പരിചയപ്പെടൽ. | ആഴ്ചയിൽ ഒന്ന് വീതം. | SRG ക്ലാസ് ടീച്ചർ | |
| • ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ ഡയസ് കളി, കച്ചവടകളി. | വർഷം മുഴുവൻ. | SRG ക്ലാസ് ടീച്ചർ. | |

# ഇംഗ്ലീഷ്

പ്രവർത്തനം: 1

പേര് : ഇംഗ്ലീഷ് അസംബ്ലി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമ |
|---|---|---|---|
| • ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരങ്ങൾ നൽകൽ. | ആഴ്ചയിൽ ഒരു ദിവസം ക്ലാസ്തല ഇംഗ്ലീഷ് അസംബ്ലി (കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (June to March.) | ക്ലാ<br>ടീ<br>ഇംഗ്ല<br>ക്ല |

പ്രവർത്തനം 2

പേര് : English Reading card.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമ |
|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ~~അ~~ ഒഴുക്കോടെ വായിക്കുന്നതിനും ഭാഷാപ്രാവീണ്യം നേടുന്നതിനും. | ആഴ്ചയിൽ ഒരു ദിവസം എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായനാകാർഡ് നൽകുന്നു. വായിച്ച് - ക്ലാസ് ഗ്രൂപ്പിൽ.. | | |

English

പേര് : Enhance your english.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിന്, മികച്ച ഭാഷാശേഷി കൈവരിക്കുന്നതിന്. | • ഇംഗ്ലീഷ് ഗ്രാമർ, സ്പോക്കൺ ഇംഗ്ലീഷ് എന്നിവയിൽ പ്രാവീണ്യം നേടുന്നതിന് പ്രത്യേക ക്ലാസുകൾ നൽകൽ. | മാസത്തിൽ ഒന്ന് | SRG English Club. | |
| | WORD A DAY | | | |
| • ഇംഗ്ലീഷ് പദങ്ങളും അവയുടെ അർത്ഥവും അറിയുന്നതിന്. | • ദിവസവും ഒരു English word ഉം അതിന്റെ meaning ഉം കൊടുക്കുന്നു. നോട്ട്ബുക്കിലെഴുതുന്നു. മാസാവസാനം കുട്ടികൾ നേടിയ അറിവ് പരിശോധിക്കുന്നു. | June to March. | English club. | |
| English Diary. | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | • നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു. | • ആഴ്ചയിൽ മൂന്നു ദിവസം (June to March) | ക്ലാസ് ടീച്ചർ | |

# പരിസരപഠനം.

| പ്രകൃതി നടത്തം. | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| • പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | • പുഷ്പോദ്യാനം, കുളം, വയൽ (ആവാസവ്യവസ്ഥ) ഫീൽഡ് ട്രിപ്പ്. | | | |
| എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ. | | | | |
| | | | | |
| • ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | • ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു. അവ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ. | | | |

## ലക്ഷ്യങ്ങൾ

### ഭാഷാ വികസനം.

- കുട്ടികളിൽ മികച്ച വായനാശീലം വളർത്തുക.
- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിൽ ഉള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പ് വരുത്തുക.

### ഇംഗ്ലീഷ്

- സ്വതന്ത്ര വായനക്ക് സജ്ജരാക്കുക.
- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
- നാടകീകരണം
- കവിതാലാപനം.

## ഗണിതം

- കുട്ടികളിൽ സംഖ്യാബോധം വളർത്തുക.
- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പ
- ചോദ്യങ്ങൾ വായിച്ച് വിശകലനം ചെയ്യാൻ എല്ലാ കളെയും പ്രാപ്തരാക്കുക.
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യു ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
- ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക
- വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജന പ്പെടുത്തുക.

## ശാസ്ത്രം

- ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക.
- ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക.